മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാല - അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.ബി.എ ഡിഗ്രി കോഴ്സ് - 2018-19 അഡ്മിഷൻ മുതൽ C-MAT, CAT എൻട്രൻസ് പരീക്ഷകളുടെ കട്ട് ഓഫ് മാർക്ക് നിർണയിച്ച് - ഉത്തരവാകുന്നു.

=====================================================================

## അക്കാദമിക് എIV വിഭാഗം

സ.ഉ.നം: 6055/എIV/2/2018/അക്കാദമിക് പ്രിയദർശിനി ഹിൽസ്, തീയതി: 09.08.2018

=====================================================================

വായിക്കുക:-
1. 30/01/2018, 06/03/2018 എന്നീ തീയതികളിൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി ചെയർമാൻ അയച്ച കത്തുകൾ.
2. 23/04/2018-ാം തീയതിയിൽ, ഡീൻ, ഫാക്കൾറ്റി ഓഫ് മാനേജ്മെന്റ് സയൻസസിന് അയച്ച എസിഎIV/2/7222/2016-ാം നമ്പർ കത്ത്.
3. ഡീൻ, ഫാക്കൾറ്റി ഓഫ് മാനേജ്മെന്റ് സയൻസസ് 30/04/2018-ാം തീയതിയിൽ സമർപ്പിച്ച ശുപാർശ.

## ഉത്തരവ്

മുകളിൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം അഡ്മിഷൻ സൂപ്പർ വൈസറി കമ്മിറ്റി ചെയർമാൻ അയച്ച കത്തുകളിൽ 2018-19 അദ്ധ്യയന വർഷത്തെ എം.ബി.എ അഡ്മിഷനുമായി ബന്ധപ്പെട്ട CAT, C-MAT എൻട്രൻസ് പരീക്ഷകളുടെ കട്ട് ഓഫ് മാർക്ക് അതാതു സർവ്വകലാശാലകൾ, നിർണയിച്ച് ആയത് ടി കോഴ്സിന്റെ റെഗുലേഷനുകളിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു.

ടി വിഷയത്തിൻമേൽ മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരം ഡീൻ, ഫാക്കൾറ്റി ഓഫ് മാനേജ്മെന്റ് സയൻസസിന്റെ അഭിപ്രായം തേടുകയും ആയതിൻമേൽ, പരാമർശം മൂന്ന് പ്രകാരം ലഭിച്ച മറുപടിയിൽ ടി വിഷയം ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ മാനേജ്മെന്റ് (പി.ജി)-ന്റെ പരിഗണനയ്ക്കു നൽകുന്നതായിരിക്കും ഉചിതമെന്ന് ഡീൻ അഭിപ്രായപ്പെടുകയും ചെയ്തിരുന്നു.

ഇക്കാര്യം പരിശോധിച്ച വൈസ് ചാൻസിലർ ടി വിഷയം ഫാക്കൾറ്റി ഓഫ് മാനേജ്മെന്റ് സയൻസസിന്റെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ഉത്തരവിട്ടു. എന്നാൽ വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട്, അദ്ധ്യായം III, 10(17) വകുപ്പ് പ്രകാരം, സൂചന (1) കത്തിന്റെ അടിസ്ഥാനത്തിലും കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയും, കേരള സർവ്വകലാശാലയും, C-MAT, CAT എന്നീ പ്രവേശന പരീക്ഷയിൽ കട്ട് ഓഫ് മാർക്ക് നിർണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും കൂടി പരിഗണിച്ച് താഴെ പരാമർശിച്ചിട്ടുള്ള കട്ട് ഓഫ് മാർക്ക് മഹാത്മാഗാന്ധി സർവ്വകലാശാല എം.ബി.എ പ്രവേശനത്തിന്റെ കാര്യത്തിൽ നടപ്പിലാക്കുവാൻ ഉത്തരവായിരിക്കുന്നു.

| EXAM | GENERAL | OBC | SC/ST |
|---|---|---|---|
| C-MAT | 15% | 10% | 7.5% |
| CAT | 10% | 7.5% | 5% |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

....2

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
രമേഷ് നാരായൺ
അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. ചെയർമാൻ, അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി
4. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ വിഭാഗം)
5. ഇ.ഐ. VII/35/എസിഎ VIII സെക്ഷനുകൾ
6. എസിസി I/II സെക്ഷനുകൾ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. AcAIV/2/7222/2016

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം